⇨ കേരളത്തിലെ പുഴകളുടെ സ്ഥിതി അതിദയനീയമാണ് ⇨

# പുഴയുടെ അവകാശങ്ങളും നദീജലകരാറുകളിലെ അനീതികളും

കേരളത്തിലെ ഏറ്റവും വിവാദമായ ജലതർക്കമാണ് പറമ്പിക്കുളം–അളിയാർ അന്തർസംസ്ഥാന നദീജല കൈമാറ്റ കരാറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ. കേരളവും തമിഴ്നാടും തമ്മിൽ ഒപ്പുവച്ചിരിക്കുന്ന ഈ കരാർ ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, പെരിയാർ എന്നീ മൂന്ന് പ്രധാന പുഴകളുടെയും ഈ പുഴകളെ ആശ്രയിക്കുന്ന ജനസമൂഹങ്ങളുടെയും അവകാശങ്ങൾ കവർന്നുകൊണ്ടിരിക്കുന്ന പറമ്പിക്കുളം–അളിയാർ അടക്കമുള്ള എല്ലാ നദീജലകരാറുകളും കാലികമായി പുനപരിശോധിക്കേണ്ടതുണ്ട്.

■ നിഖിൽ വർഗ്ഗീസ്

**ജലസമൃദ്ധിയുടെ** അടയാളങ്ങൾ വിട്ടൊഴിഞ്ഞ് കേരളം ജലദൗർലഭ്യത്തിന്റെ ആപത്സൂചകങ്ങളിലേക്ക് നിലംപതിച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ വേനൽക്കാലം പങ്കുവച്ച ഞെട്ടലുളവാക്കുന്ന തൊട്ടറിവുകൾ അതിരൂക്ഷമായ വരൾച്ചയുടെ ആദ്യാനുഭവങ്ങൾ മാത്രമാണ്. വരാനിരിക്കുന്നത് ഇതിലേറെ തീക്ഷ്ണമായ അത്യുഷ്ണങ്ങളാണെന്ന് മാറുന്ന കാലാവസ്ഥയും നീരൊഴുക്ക് നിലച്ച പുഴകളും ഓർമ്മപ്പെടുത്തുന്നുണ്ട്. നാൽപ്പത്തിനാല് പുഴകളും ജലഗോപുരമെന്ന് വിശേഷിപ്പിക്കപ്പെന്ന പശ്ചിമഘട്ട മലനിരകളുമുള്ള ഒരു സംസ്ഥാനമാണ് ഈ ദാരുണാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നത്. ഒഴുക്കില്ലാത്ത അഴുക്കുചാലുകൾ മാത്രമായിത്തീർന്നിരിക്കുന്ന കേരളത്തിലെ പുഴകളുടെ സ്ഥിതി അതിദയനീയമാണ്. പാരിസ്ഥിതിക ധർമ്മങ്ങളും കുടിവെള്ളം, ജലസേചനം തുടങ്ങിയ സാമൂഹികാവശ്യങ്ങളും നിർവഹിക്കാനാകത്തവിധം പല പുഴകളും മെലിഞ്ഞു. ഈ സങ്കീർണ്ണതകൾക്ക് നടുവിലാണ് അന്തർസംസ്ഥന നദീജല കരാറുകൾ എന്ന മറ്റൊരു പ്രതിബന്ധം കൂടി നമ്മുടെ പുഴകൾക്ക് കൊലക്കയറായിത്തീർന്നിരിക്കുന്നത്. അന്തർസംസ്ഥാന നദീജല കരാറുകളുമായി ബന്ധപ്പെട്ട തർക്കങ്ങൾ മുറുകുന്നതിനും ജനങ്ങൾ പ്രത്യക്ഷ സമരങ്ങളിലേക്ക് ഇറങ്ങുന്നതിനും ഈ വേനൽക്കാലം സാക്ഷ്യം വഹിച്ചു. അതിൽ ഏറ്റവും ശക്തമായ സമരങ്ങൾ നടന്നത് പാലക്കാട് ജില്ലയിലാണ്. കേരളത്തിലെ ഏറ്റവും വിവാദമായ ജലതർക്കങ്ങളിലൊന്നായ പറമ്പിക്കുളം-അളിയാർ കരാറുമായി ബന്ധപ്പെട്ടാണ് ഈ കർഷകർ തുടർ സമരങ്ങളുമായി രംഗത്തിറങ്ങിയത്. ഭാരതപ്പുഴയുടെ കൈവഴിയായ ചിറ്റൂർ പുഴയേയും അതിലെ ജലസേചന കനാലുകളെയും ആശ്രയിച്ച് കൃഷിചെയ്യുന്ന അതിർത്തിഗ്രാമങ്ങളിലുള്ള കർഷകരാണ് കൃഷിയിറക്കാൻ പോലും കഴിയാതെ പ്രതിസന്ധിയിലായത്. ഇവരുടെ സമരങ്ങൾക്ക് പറമ്പിക്കുളം-അളിയാർ കരാറിനോളം പഴക്കമുണ്ടെങ്കിലും ഈ വർഷം വേനൽകൂടി കനത്തതോടെ ആ സംഘർഷങ്ങൾ മൂർച്ഛിക്കുകയായിരുന്നു. അതുകൊണ്ടുതന്നെ കാലാവസ്ഥമാറ്റത്തിന്റെയും ജലക്ഷാമത്തിന്റെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് അന്തർസംസ്ഥാന നദീജല കൈമാറ്റ കരാറുകളെക്കുറിച്ച് ഒരു പുനരാലോചന നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമായിത്തീർന്നിരിക്കുന്നു.

**നദീജല കൈമാറ്റ കരാറുകൾ**

കേരളത്തിലെ പ്രധാന നദികളെല്ലാം അയൽസംസ്ഥാനമായ തമിഴ്നാടുമായി കരാറുകൾ വഴി ജലം പ

ങ്ങിടുന്നവയാണ്. കേരളത്തിന്റെയും തമിഴ്നാടിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ കൂടിയാണ് ഇത്തരത്തിലുള്ള ജലക്കൈമാറ്റം അനിവാര്യമാക്കിത്തീർത്തത്. പശ്ചിമഘട്ട മലനിരകൾക്ക് കിഴക്കും പടിഞ്ഞാറുമായാണ് കേരളത്തിന്റെയും തമിഴ്നാടിന്റെയും സ്ഥാനം. പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിക്കുന്ന നദികൾ ഏറെയും പടിഞ്ഞാറൻ ചരിവായ കേരളത്തിലേക്കാണ് ഒഴുകിയെത്തുന്നത്. മഴയും കൂടുതൽ ലഭിക്കുന്നത് ഈ പടിഞ്ഞാറൻ ചരിവിലാണ്. കിഴക്കൻ ചരിവിലെ തമിഴ്നാട് നീരുറവകളുടെ സാന്നിധ്യം കുറവുള്ള ഒരു മഴനിഴൽ പ്രദേശമാണ്. അതുകൊണ്ടുതന്നെ തമിഴ്നാടിന് കൃഷി ചെയ്യാൻ ജലം വഴിതിരിച്ചുവിടേണ്ടത് ഒരു ആവശ്യമായി വന്നു. നദീജല കൈമാറ്റ കരാറുകളുടെ തുടക്കം അതാണ്. കേരളം ഒപ്പുവച്ചിരിക്കുന്ന ജലകരാറുകളെല്ലാം കേരളത്തെ അധികജലമുള്ള, ജലം നൽകേണ്ട സംസ്ഥാനമായും തമിഴ്നാടിനെ ജലദൗർലഭ്യമുള്ള സ്വീകർത്താവുമായാണ് പരിഗണിച്ചിരിക്കുന്നത്. അന്നത്തെ സാഹചര്യത്തിൽ ചരിത്രപരമായ ചില ശരികളുള്ളപ്പോൾ തന്നെ ഏകപക്ഷീയമായി തയ്യാറാക്കപ്പെട്ട കരാറുകൾ എന്ന നിലയിലുള്ള എല്ലാ പ്രശ്നങ്ങളും അതിനുണ്ടായിരുന്നു. പെരിയാർ, ഭാരതപ്പുഴ, ചാലക്കുടിപ്പുഴ, ശിരുവാണി, നെയ്യാർ തുടങ്ങിയ നദികളിൽ നിന്നെല്ലാം തമിഴ്നാടിന് വെള്ളം കൈമാറാൻ കേരളം കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ വർഷങ്ങൾ പിന്നിടുമ്പോഴുള്ള മാറിയ സാഹചര്യത്തിൽ കരാറുകളെല്ലാം പൊളിച്ചെഴുതേണ്ടത് അനിവാര്യമാണെന്നാണ് ഈ പുഴകളുടെ ഇന്നത്തെ സ്ഥിതി വ്യക്തമാക്കുന്നത്. വെള്ളം വഴിതിരിച്ചുവിടുന്നതുവഴി പുഴയുടെ കീഴ്ത്തടങ്ങൾക്കുണ്ടാകുന്ന ജലനഷ്ടം കൂടാതെ ഈ പദ്ധതികൾക്കായി നിർമ്മിക്കപ്പെട്ട ഡാമുകളും അതിനുവേണ്ടി തെളിച്ച വനപ്രദേശങ്ങളും പരിഗണിക്കുമ്പോൾ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. ഒപ്പം ജലകൈമാറ്റ കരാറുകൾ കാരണം പുഴയ്ക്ക് അതിന്റെ പാരിസ്ഥിതിക ധർമ്മങ്ങൾ നിർവഹിക്കാൻ കഴിയാതെ പോകുന്നു എന്നതും വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ഇക്കാര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ജലകരാറുകൾ എങ്ങനെ പുനരവലോകനം ചെയ്യാം എന്ന് കേരളം ചർച്ച ചെയ്യണം. പറമ്പിക്കുളം-അളിയാർ കരാറിനെ അടിസ്ഥാനപ്പെടുത്തി ആ ചർച്ചയ്ക്ക് അനുഗുണമായ വാദങ്ങൾ മുന്നോട്ടുവയ്ക്കുകയാണ് ഈ ലേഖനം.

### എന്താണ് പി.എ.പി കരാർ?

മദ്ധ്യകേരളത്തിലെ വിവിധ ജനസമൂഹങ്ങളുടെ പ്രധാന ജീവനോപാധിയായ പുഴകളാണ് ഭാരതപ്പുഴയും, പെരിയാറും, ചാലക്കുടിപ്പുഴയും. പടിഞ്ഞാറേക്ക് ഒഴുകുന്ന ഈ മൂന്ന് പുഴകളിലെയും വെള്ളം ഗതിമാറ്റി കിഴക്കോട്ട് കൊണ്ടുപോകുന്ന ജലകൈമാറ്റ പദ്ധതിയാണ് പറമ്പിക്കുളം-അളിയാർ കരാർ അഥവാ പി.എ.പി. ജലക്കരാറുകളുടെ അടിസ്ഥാന തത്വങ്ങളൊന്നും പാലിക്കാതെയാണ് ഈ മൂന്ന് വലിയ നദികളിലെ വെള്ളം കൈമാറുന്നതിനുള്ള ഈ കരാർ രൂപകല്പന ചെയ്തിരിക്കുന്നത് എന്നിടത്ത് തുടങ്ങുന്നു പ്രശ്നങ്ങൾ. 1955ൽ ആണ് പദ്ധതിയുടെ പ്രൊപ്പോസൽ മദ്രാസ് സർക്കാർ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിന് മുമ്പാകെ സമർപ്പിക്കുന്നത്. 1958ൽ ഇ.എം.എസ് സർക്കാർ പദ്ധതിക്ക് അംഗീകാരം നൽകി. പദ്ധതിയുമായി ബന്ധപ്പെട്ട ആദ്യകരാർ 1958 നവംബർ 9ന് ഇരു സംസ്ഥാനങ്ങളും ഒപ്പുവച്ചു. 1970 മെയ് 29-ാം തീയതി പൂർണ്ണമായ കരാർ, 1958 മുതൽ മുൻകാല പ്രാബല്യത്തോടെ നിലവിൽ വന്നു. കരാറിൽ ഒപ്പുവയ്ക്കുന്നതിനെതിരെ അന്നുതന്നെ രാഷ്ട്രീയരംഗത്ത് ശക്തമായ എതിർപ്പ് നിലനിന്നിരുന്നു. എന്നാൽ പദ്ധതിയിൽ ഒപ്പുവയ്ക്കാൻ ഇ.എം.എസ് സർക്കാരിന് മേൽ ശക്തമായ കേന്ദ്ര സമ്മർദ്ദമുണ്ടായിരുന്നു. മറ്റ് പല കേന്ദ്ര പദ്ധതികളും കേരളത്തിന് ലഭിക്കണമെങ്കിൽ പി.എ.പി കരാറിൽ ഒപ്പുവയ്ക്കണമെന്ന് കേന്ദ്ര സർക്കാർ ശഠിച്ചതായി നിയമസഭാ കമ്മിറ്റി റിപ്പോർട്ട് വിലയിരുത്തിയിട്ടുണ്ട്.

### കരാറിന്റെ ഘടന

കരാറിലുൾപ്പെട്ട നദികളും അതിലെ ഡാമുകളും ജലം പങ്കുവയ്ക്കുന്നതിനുള്ള വ്യവസ്ഥകളും വിശദമായി പരിശോധിക്കാം.

**പെരിയാർ:** തമിഴ്നാട്ടിലെ ശിവഗിരി മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന പെരിയാർ കേരളത്തിലെ ഏറ്റവും നീളം കൂടിയ നദികളിലൊന്നാണ്. പെരിയാറിന്റെ കൈവഴിയായ നീരാറാണ് പി.എ.പി കരാറിൽ ഉൾപ്പെട്ടിരിക്കുന്ന പുഴ. നീരാർ പെരിയാറിന്റെ വടക്ക്-കിഴക്ക് പ്രദേശത്തുകൂടി ഒഴുകി ഇടമലയാറിൽ ലയിച്ച് പെരിയാറിൽ വന്നുചേരുന്നു. പി.എ.പി കരാറിന്റെ ഭാഗമായി നീരാറിൽ അപ്പർ നീരാർ വിയറും ലോവർ നീരാർ ഡാമുമാണ് നിർമ്മിച്ചിട്ടുള്ളത്. അപ്പർ നീരാർ വിയറിൽ നിന്നും ഒക്ടോബർ മുതൽ ജനുവരി വരെയുള്ള നാല് മാസങ്ങളിലെ സ്വാഭാവിക നീരൊഴുക്ക് മാത്രമാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. കരാർ പ്രകാരം ലോവർ നീരാർ ഡാമിൽ നിന്നും കേരളത്തിന് ജലം നൽകാൻ വ്യവസ്ഥ ചെയ്തിട്ടില്ല. നീരാറിൽ നിന്നും തമിഴ്നാടിനുള്ള ജലം വടക്ക് ഭാഗത്തുള്ള തമിഴ്നാട് ഷോളയാറിൽ ശേഖരിക്കുന്നു.

⇨ *തമിഴ്നാടിന് ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുമില്ല* ⇨



**ചാലക്കുടിപ്പുഴ:** കേരളത്തിലെ അഞ്ചാമത്തെ നീളം കൂടിയ പുഴയാണ് ചാലക്കുടിപ്പുഴ. പുഴയുടെ പ്രധാന കൈവഴിയായ ഷോളയാറിൽ രണ്ട് ഡാമുകൾ (അപ്പർ ഷോളയാർ അഥവാ തമിഴ്നാട് ഷോളയാറും ലോവർ ഷോളയാർ അഥവാ കേരളാ ഷോളയാറും) പി.എ.പി കരാറിന്റെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്. അപ്പർ ഷോളയാറിൽ നിന്നും 12.3 ടി.എം.സി ഫീറ്റ് ജലം ഓരോ വർഷവും കേരളത്തിന് അനുവദിച്ചിട്ടുണ്ട്. ജൂലൈ ഒന്ന് മുതൽ കേരള ഷോളറയാറിൽ നിറയ്ക്കണമെന്നും സെപ്തംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും കേരള ഷോളയാർ പൂർണ്ണ ജലസംഭരണ ശേഷിയിൽ നിലനിർത്തണമെന്നും കരാർ വ്യവസ്ഥ ചെയ്യുന്നു. ചാലക്കുടിപ്പുഴയിലേക്ക് ഒഴുകിയെത്തുന്ന ആറുകളായ തൂണക്കടവ്, പെരുവാരിപ്പള്ളം, പറമ്പിക്കുളം എന്നിവയുടെ കൈവഴികളിലും ഓരോ ഡാം വീതം കരാർ പ്രകാരം നിർമ്മിച്ചിട്ടുണ്ട്. തൂണക്കടവ്, പെരുവാരിപ്പള്ളം, പറമ്പിക്കുളം ഡാമുകളെ ചേർത്ത് പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകൾ എന്ന് വിളിക്കുന്നു. പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്ന് 14 ടി.എം.സി ഫീറ്റ് ജലം (നീരാറിൽ നിന്നുള്ള 2.5 ടി.എം.സി ഫീറ്റ് ജലവും ചേർത്ത് 16.5 ടി.എം.സി ഫീറ്റ്) തമിഴ്നാടിന് അനുവദിച്ചിരിക്കുന്നു. 16.5 ടി.എം.സി ഫീറ്റിന് അധികമുള്ള ജലം കേരളത്തിന് നൽകാനും കരാർ വ്യവസ്ഥ ചെയ്തിരിക്കുന്നു.

**ഭാരതപ്പുഴ:** ആനമല നിരകളിൽ നിന്ന് ഉത്ഭവിക്കുന്ന നദിയാണ് ഭാരതപ്പുഴ. വൃഷ്ടിപ്രദേശത്തിന്റെ അളവിൽ കേരളത്തിലെ ഒന്നാമത്തെ നദി. ഭാരതപ്പുഴയുടെ പാലാർ, അളിയാർ കൈവഴികളാണ് പി.എ.പി കരാറിൽ ഉൾപ്പെട്ടിരിക്കുന്നത്. കരാറിന്റെ ഭാഗമായി സർക്കാർപതി പവർഹൗസും, അളിയാർ ഡാമും അപ്പർ അളിയാർ ഡാമും പാലാർ കൈവഴിയും തിരുമൂർത്തി ഡാമും നിർമ്മിച്ചിരിക്കുന്നു. ഒരു ജലവർഷത്തിൽ 7.25 ടി.എം.സി ഫീറ്റ് ജലം മണക്കടവ് വിയർ വഴി ചിറ്റൂർ പുഴയിലൂടെ കേരളത്തിന് നൽകണമെന്നാണ് കരാറിൽ പറഞ്ഞിരിക്കുന്നത്. അളിയാർ, തിരുമൂർത്തി റിസർവോയറുകളിൽ നിന്നും തമിഴ്നാടിന് ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് രേഖപ്പെടുത്തിയിട്ടുമില്ല.

ഒരു മൾട്ടിബെയ്സിൻ അന്തർ സംസ്ഥാന ജലകൈമാറ്റ കരാറാണ് പറമ്പിക്കുളം-അളിയാർ പദ്ധതി. ലോവർ നീരാർ ഡാം, അപ്പർ നീരാർ വിയർ എന്നിവിടങ്ങളിലുള്ള തമിഴ്നാടിന് അനുവദിച്ച ജലം തമിഴ്നാട് ഷോളയാറിലെത്തിക്കുന്നു. അവിടെ നിന്നും തമിഴ്നാട് ഷോളയാറിലെ ജലമുൾപ്പെടെ പറമ്പിക്കുളം ഡാമിലെത്തിക്കുന്നു. തുടർന്ന് ജലം ഇവിടെ നിന്നും തൂണക്കടവ് ഡാമിലേക്കൊഴുക്കുന്നു. പെരുവാരിപ്പള്ളം ഡാം, തൂണക്കടവ് ഡാമുമായി ഒരു തുറന്ന കനാലിലൂടെ ബന്ധിപ്പിച്ചിരിക്കുന്നു. തൂണക്കടവ് ഡാമിൽ നിന്ന് സർക്കാർപതി പവർ ഹൗസിലേക്കും അവിടെ നിന്നും കോണ്ടേഠർ കനാൽവഴിയും അളിയാർ ഫീഡർ കനാൽ വഴിയും അളിയാർ, തിരുമൂർത്തി ഡാമുകളിലേക്ക് വെള്ളമെത്തിക്കുന്നു. അവിടെ നിന്നുമാണ് തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിലേക്ക് ജലസേചനം നടത്തുന്നത്. കേരളത്തിന് അനുവദിച്ചിരിക്കുന്ന ജലം അപ്പർ നീരാർ വിയർ, തമിഴ്നാട് ഷോളയാർ ഡാം, അളിയാർ ഡാം എന്നിവ വഴി നൽകുന്നു.

### കരാറിലെ അനീതികൾ

കരാർ നിർമ്മാണ വേളയിൽ തമിഴ്നാട് നൽകിയ വിവരങ്ങളനുസരിച്ച് അവർ തന്നെ നിർമ്മിച്ച വ്യവസ്ഥകളിൽ ഒപ്പിടുക എന്ന ജോലി മാത്രമാണ് കേരള സർക്കാർ ചെയ്തത്. ഓരോ പോഷക നദിയിലും അന്ന് ലഭ്യമായിരുന്ന വെള്ളത്തിന്റെ അളവ് കരാറിൽ എല്ലായിടത്തും വ്യക്തമായി രേഖപ്പെടുത്തിയിരുന്നില്ല. രേഖപ്പെടുത്തിയ കണക്കുകൾ വസ്തുതകൾക്ക് നിരക്കാത്തവയാണെന്ന് ജോയിന്റ് വാട്ടർ റെഗുലേഷൻ ബോർഡിന്റെയും 2003ൽ കരാർ പുനരവലോകനത്തിനായി നിയമിച്ച ടെക്നിക്കൽ കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഓരോ നദീതടത്തിലും വൃഷ്ടിപ്രദേശത്തിനനുസരിച്ച് ഓരോ സംസ്ഥാനങ്ങൾക്കുമുള്ള അവകാശത്തെക്കുറിച്ചും കരാർ ഒന്നും പറയുന്നില്ല. കരാറിൽ ഏർപ്പെടുന്നതിന് മുമ്പ് നദീതടത്തി

⇨ രണ്ട് സാഡിൽ സ്പിൽവേകൾ നിർമ്മിച്ചാണ് തമിഴ്നാട് ഇപ്പോൾ ഷോളയാറിൽ നിന്നും ജലം കടത്തുന്നത് ⇨

ലുണ്ടായിരുന്ന ആവശ്യങ്ങളെ കരാർ വ്യവസ്ഥകൾ പരിഗണിക്കുന്നതേയില്ല. ജലകൈമാറ്റ കരാറുകൾ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട സാമാന്യതത്വങ്ങളെല്ലാം ലംഘിക്കുന്ന കരാർ കീഴ്നദീതടത്തിലെ ജനങ്ങൾക്കും പക്ഷിമൃഗാദികൾക്കും സ്വാഭാവികനീതി നിഷേധിക്കുകയാണ്. പാരിസ്ഥിതിക ആഘാത പഠനം നടത്താതെ തയ്യാറാക്കിയ പദ്ധതി അതുകൊണ്ടുതന്നെ ഭാരതപ്പുഴയുടെയും പെരിയാറിന്റെയും ചാലക്കുടിപ്പുഴയുടെയും മരണപത്രമായി മാറിയിരിക്കുന്നു.

കരാർ വ്യവസ്ഥകളുടെ സൂക്ഷ്മമായ പരിശോധന കരാറിലെ അപാകതകൾ കൂടുതൽ വ്യക്തമാക്കും. നീരാർ കേരളത്തിൽ നിന്നും ഉത്ഭവിക്കുകയും തമിഴ്നാട്ടിലൂടെ ഒഴുകി തിരികെ കേരളത്തിലേക്ക് പ്രവേശിച്ച് ഇടമലയാറിൽ ലയിക്കുകയും ചെയ്യുന്ന പുഴയാണ്. നീരാറിൽ നിർമ്മിച്ചിരിക്കുന്ന അപ്പർ നീരാർ വിയറിന്റെ 60 ശതമാനം വൃഷ്ടിപ്രദേശവും കേരള സംസ്ഥാനത്തിന്റെ ഭാഗമാണ്. എന്നാൽ അപ്പർ നീരാർ വിയറിൽ നിന്നും വർഷത്തിൽ നാല് മാസത്തെ നീരൊഴുക്ക് മാത്രമാണ് കേരളത്തിന് ലഭിക്കുന്നത്. അപ്പർ നീരാറിൽ നിന്നും കേരളത്തിന് ലഭിക്കുന്ന ജലം 1.4 ടി.എം.സി ഫീറ്റ് മാത്രമാകുമ്പോൾ തമിഴ്നാടിന് ലഭിക്കുന്നത് 7.6 ടി.എം.സി ഫീറ്റ് ജലമാണ്. തമിഴ്നാട് ആദ്യം സമർപ്പിച്ച കരാറിൽ ലോവർ നീരാർ ഡാം ഉൾപ്പെട്ടിരുന്നില്ല. ചാലക്കുടിപ്പുഴയുടെ കൈവഴിയായ തേക്കടിയാറിൽ ആണ് അവർ ആദ്യം ഡാം ആവശ്യപ്പെട്ടത്. ഇത് നിരാകരിച്ചതോടെയാണ് ലോവർ നീരാർ ഡാമിന് അവർ അവകാശവാദം ഉന്നയിക്കുന്നത്. പൂർണ്ണമായും കേരളത്തിലൂടെ ഒഴുകുന്ന തേക്കടിയാറിൽ ഡാം നിർമ്മിക്കാൻ അനുമതി നൽകിയില്ല എന്നത് എങ്ങനെയാണ് ലോവർ നീരാറിൽ ഡാം കെട്ടുന്നതിനുള്ള അവകാശവാദമായി മാറുന്നത് എന്നതാണ് സുപ്രധാന ചോദ്യം.

ചാലക്കുടിപ്പുഴയുടെ ഷോളയാർ പോഷകനദിയിൽ നിന്നും 12.3 ടി.എം.സി ഫീറ്റ് ജലമാണ് കേരളത്തിന് അനുവദിച്ചിരിക്കുന്നത്. ഈ ജലത്തിന്റെ 55 ശതമാനം കേരള ഷോളയാറിന്റെ തന്നെ വൃഷ്ടിപ്രദേശത്ത് നിന്നും ലഭിക്കുന്നതാണ്. തമിഴ്നാട് ഷോളയാറിൽ നിന്നും തമിഴ്നാടിന് അർഹമായ ജലമായി കണക്കാക്കുന്നത് 2.5 ടി.എം.സി ഫീറ്റ് ജലമാണ്. കേരളം സ്വന്തം ഭൂപ്രദേശത്ത് സ്വന്തമായി നിർമ്മിച്ച കേരള ഷോളയാർ ഡാമിനെ പി.എ.പി കരാറുമായി ബന്ധിപ്പിച്ചില്ലായിരുന്നെങ്കിൽ ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ ജലം ചാലക്കുടിപ്പുഴയിലേക്ക് എത്തുമായിരുന്നു. എന്നാൽ കരാറിൽ കേരള ഷോളയാറിന് ഒരു ജലവർഷം 12.3 ടി.എം.സി ഫീറ്റ് ജലം എന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഷോളയാർ തടത്തിലെ ആകെ ജലലഭ്യതയായി കരാറിൽ കണക്കാക്കിയിരിക്കുന്നത് 14.80 ടി.എം.സി ഫീറ്റ് ജലമായിരുന്നു. എന്നാൽ ടെക്നിക്കൽ കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് ഈ ബെയ്സിനിലെ യഥാർത്ഥ ജലലഭ്യത കണക്കാക്കിയതിനേക്കാൾ 19 ശതമാനം അധികമാണ്. 2.5 ടി.എം.സി ഫീറ്റ് ജലം ലഭിക്കുമെന്ന് കരുതിയിരുന്ന തമിഴ്നാടിന് ലഭിക്കുന്നത് 6 ടി.എം.സി ഫീറ്റോളം ജലമാണ്.

കരാർ പ്രകാരം തമിഴ്നാട് ഷോളയാറിൽ നിന്നും തമിഴ്നാടിനുള്ള ജലം പവർഹൗസ് നമ്പർ ഒന്നിലൂടെ പുറത്തുവിടുന്ന ജലം മാത്രമാണ്. അതേസമയം കരാറിൽ മറ്റൊരിടത്ത് തമിഴ്നാടിന് ജലം കൊണ്ടുപോകുന്നതിനായി ഒരു സാഡിൽ സ്പിൽവേ നിർമ്മിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ രണ്ട് സാഡിൽ സ്പിൽവേകൾ നിർമ്മിച്ചാണ് തമിഴ്നാട് ഇപ്പോൾ ഷോളയാറിൽ നിന്നും ജലം കടത്തുന്നത്.

കരാർ വ്യവസ്ഥകളുടെ ഏകപക്ഷീയത ഏറ്റവും വ്യക്തമാകുന്നത് പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിലെ ജലകൈമാറ്റത്തിനുള്ള ധാരണകളിലാണ്. പറമ്പിക്കുളത്ത് 18.50 ടി.എം.സി ഫീറ്റ് ജലം ലഭ്യമാക്കുമെന്നാണ് കരാർ രേഖകൾ പറയുന്നത്. ഇതിൽ 14.00 ടി.എം.സി ജലം തമിഴ്നാടിന് അനുവദിച്ചിരിക്കുന്നു. ലോവർ നീരാറിൽ നിന്ന് തമിഴ്നാടിനുള്ള വെള്ളം അടക്കം 16.5 ടി.എം.സി ഫീറ്റ് തമിഴ്നാടിന് അർഹതപ്പെട്ടതാണ്. 16.5 ടി.എം.സി ഫീറ്റിനേക്കാൾ അധികം ജലം ലഭ്യമായാൽ 2.5 ടി.എം.സി ഫീറ്റ് ജലം ചിറ്റൂർ പുഴയ്ക്കും അതിനും ശേഷമുള്ളത് മാത്രമാണ് ചാലക്കുടിപ്പുഴയ്ക്കും അനുവദിച്ചിരിക്കുന്നത്. എന്നാൽ ഇവിടുത്തെ യഥാർത്ഥ ജലലഭ്യത 10.135 ടി.എം.സി ഫീറ്റ് മാത്രമാണ്. വാസ്തവത്തിൽ പാലക്കാട് ജില്ലയിലുടെ ഒഴുകുന്ന പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം എന്നീ പുഴകളുടെ കൈവഴികളിൽ നിന്നും ഒരു തുള്ളി ജലം പോലും കേരളത്തിന് ലഭ്യമാകുന്നില്ല. ഈ മൂന്ന് നദികളും ഇന്ന് പൂർണ്ണമായും ഒഴുക്ക് നിലച്ച അവസ്ഥയിലാണ്.

മണക്കടവ് വിയർ വഴി 7.25 ടി.എം.സി ഫീറ്റ് ഓരോ വർഷവും അളിയാർ ഡാമിൽ നിന്നും കേരളത്തിന് അനുവദിച്ചിട്ടുണ്ട്. ചിറ്റൂർ പ്രദേശത്തെ നിലവിലുള്ള 20,000 ഹെക്ടർ കൃഷി നിലനിർത്തുന്നതിന് മാത്രമുള്ള ജലമാണ് ഇപ്രകാരം അനുവദിച്ചിരിക്കുന്നത്. 39 ടി.എം.സി ഫീറ്റ് ജലം ഒഴുകിയിരുന്ന സ്ഥാനത്താണ് ഇന്ന് 7.2 ടി.എം.സി ജലം ലഭ്യമാകുന്നത് എന്നോർക്കണം. ഇത് പുഴത്തടത്തിൽ അന്ന് നിലവിലുണ്ടായിരുന്ന ആവ

ശ്യങ്ങൾക്ക് പോലും പര്യാപ്തമായിരുന്നില്ല.

കരാർ വ്യവസ്ഥകൾ തയ്യാറാക്കിയതിലെ വൈദഗ്ദ്ധ്യത്തിലൂടെ അർഹമായതിനേക്കാളും വളരെയധികം ജലം തമിഴ്നാട് സ്വന്തമാക്കുകയാണ് ചെയ്യുന്നത്. ഒരു നിശ്ചിത അളവ് ജലം മാത്രം കേരളത്തിന്, ബാക്കി മുഴുവൻ തമിഴ്നാടിന് എന്ന് വ്യവസ്ഥ ചെയ്യുന്ന ഷോളയാർ, അപ്പർ നീരാർ വിയർ, മണക്കടവ് വിയർ എന്നിവിടങ്ങളിലെ യഥാർത്ഥ ജലലഭ്യത പ്രതീക്ഷിത ലഭ്യതയേക്കാൾ ഏറെ അധികമാണ്. എന്നാൽ തമിഴ്നാടിന് നിശ്ചിത അളവ് ജലവും ബാക്കിയുള്ളത് കേരളത്തിനും എന്ന് വ്യവസ്ഥ ചെയ്യുന്ന പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ യഥാർത്ഥ ജലലഭ്യത പ്രതീക്ഷിത ലഭ്യതയേക്കാൾ ഏറെ താഴെയാണ് എന്നത് സ്വാഭാവികമായി സംഭവിച്ചതാണെന്ന് വിലയിരുത്താൻ കഴിയില്ല.

പി.എ.പി കരാർ നീതിയുക്തമായ ഒരു അന്തർ സംസ്ഥാന കരാറല്ല എന്നതിന് ഇനിയുമുണ്ട് ഏറെ കാരണങ്ങൾ. കരാറുകൾ നിർമ്മിക്കുമ്പോൾ പരിഗണിക്കേണ്ട സാമൂഹിക പ്രശ്നങ്ങളെ കരാർ അഭിമുഖീകരിക്കുന്നതേയില്ല. ഓരോ നദീതടത്തിലും ഇരു സംസ്ഥാനങ്ങൾക്കുമുള്ള അവകാശം നിർണ്ണയിച്ചിരിക്കുന്നത് പൊതുതത്വങ്ങളുടെ അടിസ്ഥാനത്തിലല്ല. അന്നത്തെ ആവശ്യങ്ങൾ മാത്രം മുന്നിൽക്കണ്ട്, വെള്ളം തടസ്സമില്ലാതെ കിട്ടണം എന്ന കേവല പരിഗണനയിൽ, തോന്നുന്നതുപോലെ പുഴ തടഞ്ഞുനിർത്തുകയും ഗതിമാറ്റുകയും ചെയ്യുകയായിരുന്നു. നദീജല കരാറുകൾ ഏർപ്പെടുമ്പോൾ പാലിക്കേണ്ട സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ട ചില തത്വങ്ങളുണ്ട്. മേൽനദീതടം ഉപയോഗിക്കുന്ന ജലത്തിന്റെ പകുതി ജലത്തിന് കീഴ്നദീതടത്തിന് അവകാശമുണ്ട് എന്നതാണ് ഒരു പ്രധാന തത്വം. എന്നാൽ പി.എ.പി കരാറിൽ എല്ലാ നദീതടങ്ങളിലും ഈ തത്വം ലംഘിക്കപ്പെട്ടിട്ടുണ്ട്. ചാലക്കുടിപ്പുഴയുടെ കൈവഴികളിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള പറമ്പിക്കുളം ഗ്രൂപ്പ് ഡാമുകളിൽ നിന്നും പൂർണ്ണമായും തമിഴ്നാട് വെള്ളം ഗതിമാറ്റുകയാണ് ചെയ്യുന്നത്. ഈ ഡാമുകൾക്ക് താഴെ പുഴ ഒഴുകുന്നതേയില്ല. പറമ്പിക്കുളം ഡാമിന് താഴെ അഞ്ച് കിലോമീറ്ററും പെരുവാരിപ്പള്ളം ഡാമിന് താഴെ രണ്ട് കിലോമീറ്ററും തൂണക്കടവ് ഡാമിന് താഴെ മൂന്ന് കിലോമീറ്ററും ഒഴുക്ക് നിലച്ചിരിക്കുകയാണ്. തമിഴ്നാട് ഷോളയാറിൽ നിന്നും ആറ് മാസം മാത്രമാണ് കേരളത്തിലേക്ക് വെള്ളം തിരിച്ചുവിടുന്നത്. അപ്പർ നീരാർ വിയറിൽ നിന്നും എട്ട് മാസത്തോളം റിസർവോയറിന് താഴെ ഒഴുക്കില്ല. ചാലക്കുടി, നീരാർ നദീതടങ്ങളിൽ നിന്നുമായി, നദീതട അവകാശങ്ങളനുസരിച്ച് കേരളത്തിന് 41.75 ടി.എം.സി ഫീറ്റ് ജലത്തിന് അർഹതയുണ്ടെന്നും എന്നാൽ 21.05 ടി.എം.സി ഫീറ്റ് ജലം മാത്രമാണ് ലഭിക്കുന്നതെന്നും 1993ൽ കരാറിനെപ്പറ്റി പഠിച്ച കേരള നിയമസഭാ സമിതിയുടെ റിപ്പോർട്ട് പറയുന്നുണ്ട്.

പി.എ.പി കരാറിന്റെ ഭാഗമായി നിർമ്മിക്കപ്പെട്ട ഡാമുകൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളാണ് ഈ കരാറിന്റെ മറ്റൊരു വലിയ വിപത്ത്. വളരെയധികം വർഷങ്ങൾ കൊണ്ട് പരിണമിച്ച വ്യത്യസ്തങ്ങളായ മൈക്രോ ഹാബിറ്റാറ്റുകൾ പുഴയുടെ ഒഴുക്കിലുണ്ടായ വ്യത്യാസങ്ങൾ കാരണം നശിച്ചുപോയി. ഏറെ പാരിസ്ഥിതിക പ്രാധാന്യമുള്ള വനപ്രദേശങ്ങളാണ് ഈ ഡാമുകളുടെ റിസർവോയറുകൾക്കുള്ളിൽ മുങ്ങിപ്പോയിരിക്കുന്നത്. ഈ വനശോഷണവും പുഴയുടെ നീരൊഴുക്കിൽ വ്യതിയാനം സൃഷ്ടിച്ചിട്ടുണ്ട്. ഡാമുകളിലെ ജലലഭ്യത ഡാം നിർമ്മാണത്തിന് ശേഷം കുറയുന്നത് ഇതുമായി കൂട്ടിവായിക്കാവുന്നതാണ്.

പി.എ.പി കരാറിൽ ഉൾപ്പെട്ടിരിക്കുന്ന നദികളിലെല്ലാം ചരിത്രപരമായും പരമ്പരാഗതമായും പലതരത്തിലുള്ള നദീതട അവകാശങ്ങളും കേരളത്തിനുണ്ടായിരുന്നു. ഈ നദികളെല്ലാം കേരളത്തിന്റെ കിഴക്ക് പശ്ചിമഘട്ട മലനിരകളിൽ നിന്നും ജനവാസ മേഖലകളിലൂടെ ഒഴുകി പടിഞ്ഞാറ് അറബിക്കടലിലേക്ക് എത്തിച്ചേരുന്നവയായതിനാൽ കൃഷിക്കും ശുദ്ധജലത്തിനും മറ്റ് ഉപജീവനമാർഗ്ഗങ്ങൾക്കും വേണ്ടി വലിയ ജനസമൂഹങ്ങൾ ഈ പുഴകളെ ആശ്രയിച്ചിരുന്നു. ആ ചരിത്രത്തെ പൂർണ്ണമായും നിരാകരിച്ചുകൊണ്ടാണ് പി.എ.പി കരാർ തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കീ

പി.എ.പി കരാറിൽ ഉൾപ്പെട്ടിരിക്കുന്ന നദികളിലെല്ലാം ചരിത്രപരമായും പരമ്പരാഗതമായും പലതരത്തിലുള്ള നദീതട അവകാശങ്ങളും കേരളത്തിനുണ്ടായിരുന്നു. ഈ നദികളെല്ലാം കേരളത്തിന്റെ കിഴക്ക് പശ്ചിമഘട്ട മലനിരകളിൽ നിന്നും ജനവാസ മേഖലകളിലൂടെ ഒഴുകി പടിഞ്ഞാറ് അറബിക്കടലിലേക്ക് എത്തിച്ചേരുന്നവയായതിനാൽ കൃഷിക്കും ശുദ്ധജലത്തിനും മറ്റ് ഉപജീവനമാർഗ്ഗങ്ങൾക്കും വേണ്ടി വലിയ ജനസമൂഹങ്ങൾ ഈ പുഴകളെ ആശ്രയിച്ചിരുന്നു. ആ ചരിത്രത്തെ പൂർണ്ണമായും നിരാകരിച്ചുകൊണ്ടാണ് പി.എ.പി കരാർ തയ്യാറാക്കപ്പെട്ടിരിക്കുന്നത്.

ഴ്നദീതട അവകാശങ്ങൾ ഒട്ടും പരിഗണിക്കാതെ പടിഞ്ഞാറേക്ക് ഒഴുകിയിരുന്ന ഈ പുഴകളെല്ലാം കിഴക്കോട്ട് വഴിതിരിച്ചുവിടുകയാണ് ഈ കരാറുകൾ ചെയ്തത്.

### പ്രിയർ അപ്രോപ്രിയേഷൻ റൈറ്റ്

'പ്രിയർ അപ്രോപ്രിയേഷൻ റൈറ്റ്' എന്ന തത്വം, ജലകരാറുകളിൽ ഏർപ്പെടുന്നതിന് മുമ്പ് നദീതടത്തിൽ നിലനിന്നിരുന്ന ആവശ്യങ്ങൾക്ക് ഉപയോഗിച്ചിരുന്നത് എത്ര ജലമാണോ അത്രയും ജലത്തിന് ശേഷമുള്ള ജലമാണ് കരാറിലൂടെ പങ്കുവയ്ക്കാവൂ എന്ന് പറയുന്നുണ്ട്. എന്നാൽ പി.എ.പി കരാർ എല്ലാ നദീതടങ്ങളിലും ഈ തത്വവും ലംഘിച്ചിരിക്കുകയാണ്. ചിറ്റൂർ താലൂക്കിന്റെ കാര്യം നോക്കാം. കരാർ ഉണ്ടാകുന്നതിന് മുമ്പ് തന്നെ അവിടെ 20,000 ഏക്കറിൽ അധികം നെൽ കൃഷി നിലനിന്നിരുന്നു. കരാർ വന്നതോടെ നിലവിലുള്ള കൃഷി നിലനിർത്തുന്നതിന് ആവശ്യമായ ജലം കണക്കാക്കി അത് കേരളത്തിന് നൽകുകയാണ് ചെയ്യുന്നത്. ചിറ്റൂർ പുഴയുടെ മറ്റ് ആവശ്യങ്ങളൊന്നും പരിഗണിച്ചതേയില്ല. പെരിയാറിന്റെയും ചാലക്കുടിപ്പുഴയുടെയും കാര്യത്തിൽ അത്തരമൊരു സംഗതി പരിഗണനയിൽ പോലും വന്നിട്ടില്ല.

### ചിറ്റൂരിൽ സംഭവിക്കുന്നത്

പി.എ.പി കരാർ ഏറ്റവും പ്രതികൂലമായി ബാധിച്ചത് ചിറ്റൂർ പുഴയെ ആശ്രയിച്ച് കൃഷി ചെയ്തിരുന്ന കർഷകരെയാണ്. പാലക്കാട് ജില്ലയിലെ മഴയുടെ കുറവ് കൂടിയാണ് ഇവരുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടുന്നത്. കേരളത്തിലെ ശരാശരി മഴ 3085 മില്ലിമീറ്റർ ആയിരിക്കെ മഴനിഴൽ പ്രദേശമായ പാലക്കാട് ജില്ലയിൽ അത് 1205 മില്ലിമീറ്റർ മാത്രമാണ്. കരാറിൽ ഏർപ്പെടുന്ന സമയത്ത് ചിറ്റൂരിലെ നെൽകൃഷി 20,000 ഏക്കറിലും കൂടുതൽ ആയിരുന്നു എന്ന് പറഞ്ഞല്ലോ. പിന്നീട് നിലവിൽ വന്ന കനാൽ സംവിധാനങ്ങളിലൂടെ കൂടുതൽ പ്രദേശങ്ങളിലേക്ക് കർഷകർ കൃഷി വ്യാപിപ്പിച്ചു. എന്നാൽ പുഴയ്ക്ക് കുറുകെ വന്ന ഡാമുകളും വനനശീകരണവും കുന്നിടിക്കലുമെല്ലാം പുഴയുടെ നീരൊഴുക്ക് ക്രമേണ കുറയുന്നതിന് കാരണമായിത്തീർന്നു. ഏകപക്ഷീയമായ കരാർ വ്യവസ്ഥകളും തമിഴ്നാട് നടത്തുന്ന കരാർ ലംഘനങ്ങളും കേരള സർക്കാരിന്റെ ഉദാസീനതയും കൂടിയായതോടെ ചിറ്റൂർ മേഖല കൂടുതൽ ദുരിതത്തിലായി. ആദ്യകാലങ്ങളിൽ കേരളത്തിന് നീക്കിവച്ചിരുന്ന ജലം വിട്ടുതന്നിരുന്ന തമിഴ്നാട് മഴയുടെ അളവ് കുറവാണെന്ന കാരണം ചൂണ്ടിക്കാണിച്ച് പിന്നീട് കരാർ പ്രകാരമുള്ള വെള്ളം തരാതെയായി. കേരളത്തിലേക്ക് തമിഴ്നാട് വെള്ളം തിരിച്ചുവിടുന്ന മണക്കടവ് വിയറിൽ നിന്നും നാല് കിലോമീറ്ററാണ് നമ്മുടെ സംസ്ഥാന അതിർത്തിയിലേക്കുള്ള ദൂരം. ഈ നാല് കിലോമീറ്ററിനുള്ളിൽ തമിഴ്നാട്ടിലെ കർഷകർ മോട്ടോർ ഉപയോഗിച്ച് പുഴയിൽ നിന്നും ഇപ്പോൾ വ്യാപകമായി വെള്ളം പമ്പു ചെയ്യുന്നുണ്ട്. ഇതും ചിറ്റൂർ പുഴയ്ക്ക് ലഭിക്കുന്ന വെള്ളത്തിന്റെ അളവിൽ കാര്യമായ കുറവുണ്ടാക്കുന്നുണ്ട്.

### കർഷകർ സമരത്തിലേക്ക്

കരാർ ലംഘനങ്ങൾ പതിവായതോടെ ചിറ്റൂരിലെ കർഷകർ തമിഴ്നാട്ടിനെതിരെയും കേരള സർക്കാരിന്റെ നിലപാടില്ലായ്മയ്ക്കെതിരെയും പ്രത്യക്ഷ സമരങ്ങളുമായി രംഗത്തെത്തി. 1990 മുതൽ പി.എ.പി കരാർ ലംഘനത്തിനെതിരായ സമരങ്ങൾ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ചിറ്റൂർ പ്രദേശത്ത് നടക്കുന്നുണ്ട്. സമരങ്ങളുടെ പശ്ചാത്തലത്തിൽ ചിറ്റൂർ എം.എൽ.എ ആയിരുന്ന കെ. കൃഷ്ണൻകുട്ടി 1993ൽ ഈ പ്രശ്നം നിമയസഭയിൽ ഉന്നയിച്ചു. തുടർന്ന് വിഷയം പഠിക്കാൻ നിമയസഭ ഒരു സമിതിയെ നിയോഗിച്ചു. അന്നത്തെ ജലസേചന വകുപ്പ് മന്ത്രിയായിരുന്ന ടി.എം. ജേക്കബ് അദ്ധ്യക്ഷനായ സമിതി വിശദമായ പഠനങ്ങൾക്ക് ശേഷം ഒരു വർഷം കഴിഞ്ഞ് റിപ്പോർട്ട് സമർപ്പിച്ചു. കരാറിൽ കേരളത്തിന്റെ അവകാശങ്ങൾ പരിഗണിക്കുന്നതിൽ ഗുരുതര വീഴ്ചകളുണ്ടായിട്ടുണ്ട് എന്ന് ആ റിപ്പോർട്ട് വ്യക്തമായി പറയുന്നുണ്ട്. മണക്കാട് വിയറിൽ നിന്നും 'അൺയൂട്ടിലൈസബിൾ ഫ്ളഡ് വാട്ടർ' കൂടാതെ 7.25 ടി.എം.സി ഫീറ്റ് ജലം നൽകണമെന്നാണ് കരാർ വ്യവസ്ഥ. എന്നാൽ കേരളത്തിന് ലഭിക്കുന്നത് 'അൺയൂട്ടിലൈസബിൾ ഫ്ളഡ് വാട്ടറും' ചേർത്ത് 7.25 ടി.എം.സി ഫീറ്റ് ജലമാണ്. ഇതുകൂടാതെ, കേരളത്തിന്റെ അനുവാദമില്ലാതെ അളിയാർ പുഴയിൽ കാദംബര ഡാം, വണ്ടാൽ ഡാം, ദേവിയാർ വിയർ, അക്കാമലൈ വിയർ എന്നിവ നിർമ്മിച്ചതും കരാറിന്റെ നഗ്നമായ ലംഘനമാണ്. അപ്പർ അളിയാറിൽ നിന്നും കോണ്ടോർ കനാൽ വഴി തമിഴ്നാട് വെള്ളം തിരിച്ചുവിടുന്നതും ചിറ്റൂർ പുഴയിലേക്കുള്ള നീരൊഴുക്ക് കുറയുന്നത് കാരണമായിത്തീർന്നതായും നിയമസഭാ സമിതി റിപ്പോർട്ട് പറയുന്നുണ്ട്.

2016 സീസണിൽ കാലവർഷം വളരെ ദുർബലമായിരുന്നതിനാൽ ഒന്നാം വിളയ്ക്ക് പോലും വേണ്ടത്ര ജലം ഇവിടെ ലഭ്യമായില്ല. ചിറ്റൂർ പ്രദേശത്ത് തുലാവർഷ മഴയും ഒട്ടും

ലഭിച്ചില്ല. വരൾച്ചയുടെ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയതോടെ രണ്ടാംവിള ഇറക്കരുതെന്ന് ജില്ലാ ഭരണകൂടവും നിർദ്ദേശിച്ചു. ഈ നിർദ്ദേശം അവഗണിച്ച പലരുടെയും കൃഷി പൂർണ്ണമായും നശിച്ചു. കാർഷിക മേഖലയായ ചിറ്റൂർ കേരളത്തിന്റെ നെല്ലറയായാണ് വിശേഷിപ്പിക്കപ്പെടുന്നത്. കൃഷി ഉപജീവന മാർഗ്ഗമാക്കി മുന്നോട്ടുപോകുന്നവരാണ് ഈ മേഖലയിൽ ഏറെയുള്ളത്. ആകെയുള്ള ആ വരുമാനമാർഗ്ഗം നഷ്ടമായതോടെ ചിറ്റൂരുകാർ കടക്കെണിയിലായി. ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കൃഷിയിറക്കിയ കർഷകർ പലരും ആത്മഹത്യയുടെ വക്കിലായി. അതോടെ വേനൽചൂടിനേക്കാൾ തീക്ഷണമായ സമരങ്ങൾക്ക് ചിറ്റൂർ സാക്ഷിയായി. റൈറ്റ് ബാങ്ക് കനാൽ സമരസമിതിയുടെയും ജലാവകാശ സംരക്ഷണ സമിതിയുടെയും നേതൃത്വത്തിലായിരുന്നു ജില്ലാ ഭരണസിരാകേന്ദ്രം അടമുള്ള വിവിധ സ്ഥലങ്ങളിൽ സമരങ്ങൾ നടന്നത്. കേരള നിയമസഭാ സമിതി കണ്ടെത്തിയ കരാർ ലംഘനങ്ങൾക്കെതിരെ 20 വർഷം കഴിഞ്ഞിട്ടും നടപടിയെടുക്കാത്തതിൽ വലിയ പ്രതിഷേധം ഈ സമരങ്ങൾ രേഖപ്പെടുത്തി. വേനൽക്കാലം മുഴുവൻ പാലക്കാട് ജില്ലയിലെ പല മേഖലകളിൽ ഈ വിഷയം ഉന്നയിച്ച് കർഷകർ സമരം ചെയ്തെങ്കിലും അവരുടെ ആവശ്യങ്ങളൊന്നും പരിഗണിക്കുന്നതിന് സർക്കാരിന് കഴിഞ്ഞിട്ടില്ല. രണ്ടാംവിള കൃഷിയിറക്കാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ കർഷകർക്ക് നഷ്ടപരിഹാരം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും ഇതുവരെയും അത് നൽകിയിട്ടില്ല. മെയ് 16 മുതൽ ചിറ്റൂർ മേഖലയ്ക്ക് ഒന്നാം വിളയ്ക്ക് ആവശ്യമായ ജലം നൽകേണ്ടതാണ്. ഞാറുപറിച്ചു നടാൻ ഈ വെള്ളം അത്യാവശ്യമാണ്. എന്നാൽ രണ്ട് മാസം കഴിഞ്ഞിട്ടും ഈ വെള്ളം കർഷകർക്ക് ലഭ്യമാക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടില്ല. കർഷകരോടുള്ള അവഗണന ഈവിധം തുടരുന്ന പശ്ചാത്തലത്തിൽ കൃഷി പൂർണ്ണമായി ഉപേക്ഷിക്കാൻ തയ്യാറെടുക്കുകയാണ് ചിറ്റൂർ മേഖലയിലെ ഒരു വലിയ വിഭാഗം കർഷകർ. "ചിറ്റൂർ പുഴ സബ് ബേസിനിലെ ആകെ ജല ഉൽപ്പാദനമായ 31.975 ടി.എം.സി ഫീറ്റ് വെള്ളം ഒഴുകിവരേണ്ട സ്ഥലത്താണ് കരാർ മൂലം ഇന്ന് 7.25 ടി.എം.സി ഫീറ്റ് വെള്ളം ഒഴുകിയെത്തുന്നത്. കീഴ്നദീതട അവകാശ പ്രകാരം ചിറ്റൂർ പുഴയ്ക്ക് 19 ടി.എം.സിയോളം ജലത്തിന് അവകാശമുണ്ട്", ജലാവകാശ സംരക്ഷണ സമിതി ചെയർമാൻ അഡ്വ. എസ്. കൊച്ചുകൃഷ്ണൻ പറയുന്നു. "1994ലെ നിയമസഭാസമിതി 6 കരാർ ലംഘനങ്ങളിലൂടെ വലിയ നഷ്ടം തമിഴ്നാട് കേരളത്തിന് വരുത്തുന്നതായി കണ്ടെത്തുകയും അത് പരിഹരിക്കാൻ 28 പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. അത് നടപ്പിലാക്കുന്നതിന് കേരള സർക്കാർ ഉടൻ സന്നദ്ധമാകണം." അദ്ദേഹം ആവശ്യപ്പെടുന്നു.

രൂക്ഷമായ വരൾച്ചയുള്ള വർഷങ്ങളിൽ മാത്രമാണ് ചിറ്റൂർ പുഴയ്ക്ക് അർഹമായ ജലം ലഭിക്കാതെവരുന്നതെന്നാണ് ജലവകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വാദം. ജോയിന്റ് വാട്ടർ റഗുലേറ്ററി ബോർഡ് മീറ്റിംഗുകളിൽ കേരളത്തിന്റെ ആവശ്യങ്ങൾ ശക്തമായി ഉന്നയിക്കുന്നുണ്ടെന്നും എന്നാൽ ജലം അളന്ന് നൽകുന്നതിനുള്ള സംവിധാനങ്ങളെല്ലാം തമിഴ്നാടിന്റെ നിയന്ത്രണത്തിലായതിനാൽ കരാർലംഘനങ്ങൾക്കെതിരെ മറ്റൊന്നും ചെയ്യാൻ കഴിയുന്നില്ല എന്നുമാണ് പല ഉദ്യോഗസ്ഥരും പറയുന്നത്. എന്നാൽ കേരളത്തിലെ ഉദ്യോഗസ്ഥർ ചിറ്റൂരിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ വേണ്ടത്ര ശ്രമം നടത്തുന്നില്ല എന്ന് കർഷകർ പരാതിപ്പെടുന്നുണ്ട്. അതേസമയം കരാറിന്റെ പുനരവലോകന ചർച്ചകളിൽ 'പാരിസ്ഥിതിക നീരൊഴുക്ക്' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ കരാർ തിരുത്തുന്നതിന് ശ്രമം നടത്തുമെന്നും ഉദ്യോഗസ്ഥർ പറയുന്നു.

### ഒഴുക്ക് നിലച്ച ചാലക്കുടിപ്പുഴ

ചാലക്കുടിപ്പുഴത്തടത്തിനും പി.എ.പി കരാർ ലംഘനങ്ങൾ ഏറെ ആഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. എല്ലാ വർഷവും സെപ്തംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും കേരള ഷോളയാർ പൂർണ്ണ സംഭരണശേഷിയിൽ നിർത്തണമെന്ന് കരാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഫെബ്രുവരി ഒന്നിന് കേരള ഷോളയാർ നിറച്ചാൽ മാത്രമേ പുഴത്തടത്തിലെ വേനലിലെ ആവശ്യങ്ങൾ നിറവേറ്റാൻ സാധിക്കുകയുള്ളൂ. എന്നാൽ 1970 മുതൽ 2002 വരെയുള്ള കാലഘട്ടങ്ങളിൽ ഇത് നിറവേറ്റപ്പെട്ടിട്ടില്ല. 2002 മുതൽ ഈ അവസ്ഥയിൽ നിന്നും അൽപ്പം മാറ്റമുണ്ടായി. എന്നാൽ 2016 ഫെബ്രുവരിയിലും 2017 ഫെബ്രുവരിയിലും കേരള ഷോളയാർ പൂർണ്ണ സംഭരണശേഷിയിൽ നിറച്ചിട്ടില്ല. ഇത് തൃശൂർ, എറണാകുളം ജില്ലകളിൽ കുടിവെള്ള ക്ഷാമത്തിനും കൃഷിനാശത്തിനും കാരണമായിത്തീർന്നു.

ചാലക്കുടിപ്പുഴയിൽ പി.എ.പി കരാർ പ്രാബല്യത്തിൽ വരുന്നതിന് മുമ്പേ പ്രവർത്തനം ആരംഭിച്ച ജലസേചന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീം (സി.

ആർ.ഡി.എസ്). 14,000 ഹെക്ടർ പ്രദേശത്ത് കുടിവെള്ളവും നനവെള്ളവും നൽകുന്നതിനായി രൂപകല്പന ചെയ്ത ഈ പദ്ധതിയാണ് പി.എ.പി കരാർ കാരണം അവതാളത്തിലായിരിക്കുന്നത്. സി.ആർ.ഡി.എസ് പദ്ധതിയുടെ ആയക്കെട്ട് പ്രദേശങ്ങളിൽ പകുതി സ്ഥലത്ത് മാത്രമേ ഇന്ന് വേണ്ടത്ര വെള്ളം ലഭ്യമാകുന്നുള്ളൂ. പുഴയുടെ ഒഴുക്കിൽ കാര്യമായ കുറവുണ്ടായതോടെ കീഴ്ത്തടത്തിലുള്ള പഞ്ചായത്തുകളായ കുഴൂർ, പുത്തൻവേലിക്കര, പാറക്കടവ് എന്നിവിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നതും ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നുണ്ട്. ചാലക്കുടിപ്പുഴത്തടത്തെ ആശ്രയിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർഷങ്ങളായി കരാർ ലംഘനത്തിനെതിരെ പരാതി ഉന്നയിക്കുന്നുണ്ട്.

കേരള ഷോളയാർ നിറച്ച് വേനൽക്കാല ജലലഭ്യത ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ട് ഈ വർഷവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജലസേചനവകുപ്പ് മന്ത്രിക്ക് പരാതി നൽകിയിരുന്നു. ചാലക്കുടിപ്പുഴ സംരക്ഷണ സമിതിയും പി.എ.പി കരാറിന്റെ സാമൂഹികവും പാരിസ്ഥിതികവുമായ പ്രശ്നങ്ങൾ ഏറെക്കാലമായി ഉന്നയിക്കുന്നുണ്ട്. നിലവിലുള്ള കരാർ റദ്ദാക്കി, നീതിപൂർവ്വകമായ പുതിയ കരാർ നിർമ്മിക്കുക, ജലം നൽകുന്ന സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ഇത്തരം സംവിധാനങ്ങളുടെ നിയന്ത്രണം നൽകുക, പി.എ.പി കരാറിലുള്ള എല്ലാ ഡാമുകളുടെയും താഴെ പാരിസ്ഥിതിക നീരൊഴുക്ക് ഉറപ്പുവരുത്തുക തുടങ്ങിയ ആവശ്യങ്ങളാണ് ചാലക്കുടിപ്പുഴ സംരക്ഷണ സമിതി മുന്നോട്ടുവയ്ക്കുന്നത്.

30 വർഷത്തിൽ ഒരിക്കൽ ഇരു സംസ്ഥാനങ്ങളുടെയും സമ്മതത്തോടെ കരാർ പുനരവലോകനം ചെയ്യാമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ 59 വർഷങ്ങൾക്കിപ്പുറവും പുനരവലോകനത്തിന്റെ കാര്യത്തിൽ ഇരു സംസ്ഥാനങ്ങൾക്കും ഒരു സമവായത്തിലെത്താൻ കഴിഞ്ഞിട്ടില്ല. പുനരവലോകന ചർച്ചകളിലെല്ലാം തമിഴ്നാട് കൂടുതൽ ജലത്തിനായുള്ള അവകാശവാദം ഉന്നയിക്കുകയാണ് പതിവ്. 2017 മെയ് മാസം കരാർ പുനരവലോകനം ചെയ്യണം എന്നാവശ്യപ്പെട്ട് മുഖമന്ത്രി പിണറായി വിജയൻ തമിഴ്നാട് സർക്കാരിന് കത്തെഴുതിയിട്ടുണ്ട്.

**തിരുത്തേണ്ട ധാരണകൾ**

മലനിരകളിൽ നിന്ന് ഉത്ഭവിച്ച് കടലിലേക്ക് വെറുതേ ഒഴുകിപ്പോകുന്ന വെള്ളം എന്ന നിലയിലാണ് ഇപ്പോൾ പുഴകൾ കൈകാര്യം ചെയ്യപ്പെടുന്നത്. പുഴയുമായി ബന്ധപ്പെട്ട കരാറുകളും പദ്ധതികളുമെല്ലാം ആ രീതിയിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഡാമുകളുടെ നിർമ്മാണത്തിനും പുഴയുടെ പൂർണ്ണമായ ഗതിമാറ്റത്തിനും കാരണമായിരിക്കുന്നത് ഇതേ ചിന്താഗതി തന്നെയാണ്. എന്നാൽ പുഴ എന്നത് നിരവധി പാരിസ്ഥിതിക ധർമ്മങ്ങൾ നിർവഹിക്കുന്ന ഒരു ജൈവസമൂഹമാണ് എന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള ഇടപെടലുകളാണ് ഉണ്ടാകേണ്ടത്. പുഴ നിറവേറ്റുന്ന പാരിസ്ഥിതികവും ഭൂമിശാസ്ത്രപരവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ധർമ്മങ്ങൾ വിലയിരുത്തിക്കൊണ്ട് പുഴയുമായി ബന്ധപ്പെട്ട പദ്ധതികളും കരാറുകളും തിരുത്തിയെഴുതണം. ഒമ്പത് അണക്കെട്ടുകളും രണ്ട് വിയറുകളും അടങ്ങുന്ന ബൃഹദ് പദ്ധതിയായ പി.എ.പിയുടെ കാര്യത്തിൽ ഇത് അടിയന്തിരമായി ചെയ്യേണ്ടിരിക്കുന്നു.

പി.എ.പി കരാർ വരുന്നതിന് മുമ്പ് അതിലെ നദികളിലെ നീരൊഴുക്കിന്റെ 90 ശതമാനവും ഉപയോഗിച്ചിരുന്നത് കീഴ്നദീതടമായ കേരളമാണ്. എന്നാൽ കരാർ യാഥാർത്ഥ്യമായ ശേഷം കേരളത്തിന് ലഭിക്കുന്നത് ഇതിന്റെ 10 മുതൽ 12 ശതമാനം വരെയുള്ള നീരൊഴുക്കാണ്. പി.എ.പി കരാറിന് മുമ്പ് തമിഴ്നാടിന്റെ വൃഷ്ടിപ്രദേശത്ത് ലഭിച്ചിരുന്ന 55 ടി.എം.സി ഫീറ്റ് ജലം കേരളത്തിലേക്കാണ് ഒഴുകിയെത്തിയിരുന്നത്. കേരളത്തിന്റെ വൃഷ്ടിപ്രദേശത്ത് നിന്നും ലഭിച്ചിരുന്നത് 20 ടി.എം.സി ഫീറ്റ് ജലമായിരുന്നു. ഇപ്പോൾ ആകെ കേരളത്തിന് കിട്ടുന്നത് 25 ടി.എം.സി ഫീറ്റ് ജലം മാത്രമാണ്. കീഴ്നദീതടം നേരിടുന്ന ഈ അവകാശലംഘനത്തിന് പരിഹാരം കാണേണ്ടതുണ്ട്.

**പാരിസ്ഥിതിക നീരൊഴുക്കിലേക്ക്**

ജലക്കരാറുകൾ പുനരവലോകനം ചെയ്യുമ്പോൾ ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട 'പാരിസ്ഥിതിക നീരൊഴുക്ക്' എന്ന തത്വം ഉറപ്പായും പാലിക്കപ്പെടണം. ഒരു നദിയെ ആശ്രയിച്ച് ജീവിക്കുന്ന എല്ലാ നദീതട ആവാസവ്യവസ്ഥകളുടെയും നിലനിൽപ്പിനും മനുഷ്യാവശ്യങ്ങൾക്കും ഉതകുന്നവിധം ഒഴുക്ക് ഉറപ്പുവരുത്തുന്നതിനെയാണ് പാരിസ്ഥിതിക നീരൊഴുക്ക് എന്ന് പറയുന്നത്. കാലാവസ്ഥാ വ്യതിയാനവും അനിയന്ത്രിത വിഭവചൂഷണവും സൃഷ്ടിക്കുന്ന ദുരിതങ്ങൾ കൂടിവരുന്ന ഈ കാലത്ത് 'പാരിസ്ഥിതിക നീരൊഴുക്ക്' എന്നതുതന്നെയാകട്ടെ പുനരാലോചനകളുടെ പ്രധാന പരിഗണന. ■